LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക പൂർണ്ണമായും ഒഴിവാക്കാൻ നടപടി

168 (5573) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻകാലങ്ങളിൽ എപ്പോഴെങ്കിലും ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വില കെ.എസ്.ഇ.ബി. ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വിലയ്ക്ക് മീറ്റർ വാങ്ങിയ ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നുണ്ടോ ?

ഉത്തരം

(എ) ഈടാക്കിയിട്ടില്ല.

(ബി) ചില നിബന്ധനകൾക്ക് വിധേയമായി ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ള ഉപഭോക്താക്കളിൽനിന്നും ബോർഡ് മീറ്റർ വാടക ഈടാക്കാറില്ല.

മീറ്ററിന് ഈടാക്കുന്ന തുക

169 (5574) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ്,ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി വാങ്ങുന്ന വിവിധ ഇനം മീറ്ററുകളിൽ ഓരോ ഇനത്തിലും നൽകുന്ന വിലയെത്ര; വിശദാംശം നൽകുമോ ;

(ബി) ഒ.വൈ.ഇ.സി. സ്കീമിൽ, ഓരോ മീറ്ററിനും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന തുക എത്ര ;

(സി) ഒ.വൈ.ഇ.സി.സ്കീമനുസരിച്ച് കണക്ഷൻ എടുത്ത ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കാറുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രതിമാസ നിരക്കെത്ര ;

(ഡി) ഉപഭോക്താവ് എത്ര വർഷം മീറ്റർ വാടക നൽകേണ്ടിവരും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ ഇപ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി വാങ്ങുന്ന സിംഗിൾ ഫേസ് ഇലക്ട്രോണിക് എൽ.സി.ഡി. മീറ്ററുകളുടെ വില ഒന്നിന് 665 രൂപ 32 പൈസയും, ത്രീ ഫേസ് ഇലക്ട്രോണിക് എൽ.സി.ഡി. മീറ്ററുകളുടെ വില ഒന്നിന് 2388 രൂപ 88 പൈസയും ആകുന്നു.

(ബി) ഒ.വൈ.ഇ.സി. സ്കീമിൽ കണക്ഷൻ എടുക്കുന്ന ഉപഭോക്താക്കളിൽനിന്നും മീറ്ററിന്റെ വില ഈടാക്കാറില്ല.

(സി) ഒ.വൈ.ഇ.സി. സ്കീമനുസരിച്ച് കണക്ഷൻ എടുത്ത ഉപഭോക്താക്കളിൽനിന്ന് മീറ്റർ വാടക ഈടാക്കാറുണ്ട്. സിംഗിൾ ഫേസ് മീറ്ററുകൾക്ക് പ്രതിമാസം 10 രൂപയും ത്രീ ഫേസ് മീറ്ററുകൾക്ക് പ്രതിമാസം 20 രൂപയും ത്രീ ഫേസ് സി.റ്റി. മീറ്ററുകൾക്ക് പ്രതിമാസം 75 രൂപയുമാണ് വാടകയിനത്തിൽ ഈടാക്കുന്നത്.

(ഡി) ഇലക്ട്രിസിറ്റി നിയമം, 2003 ഖണ്ഡിക 45(3)(b) പ്രകാരവും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 ഖണ്ഡിക 13(6) പ്രകാരവും മീറ്റർ വാടക വാങ്ങുന്നത് അനുവദനീയമാണ്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കുകളാണ് മീറ്റർ വാടകയിനത്തിൽ ബോർഡ് ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നത്. വൈദ്യുതി ബോർഡ് സ്ഥാപിക്കുന്ന മീറ്ററുകൾക്കാണ് വാടക ഈടാക്കാറുള്ളത്. ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുന്ന ഉപഭോക്താക്കളിൽനിന്നും മീറ്റർ വാടക ഈടാക്കാറില്ല. ഉപഭോക്താവിന്റെ സ്ഥാപനത്തിൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള മീറ്റർ ഉള്ളിടത്തോളം കാലം മീറ്റർ വാടക ഈടാക്കുന്നത് ഇലക്ട്രിസിറ്റി നിയമം, 23 പ്രകാരവും 2005-ലെ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരവും നിയമ വിധേയവും അനുവദനീയവുമാണ്.

ഇലക്ട്രിക് പോസ്റ്റുകളിലൂടെ കേബിൾ ടി.വി.യുടെ ലൈൻ വലിക്കുന്നതിന് ഈടാക്കുന്ന വാടക

170 (5575) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക് പോസ്റ്റുകളിലൂടെ കേബിൾ ടി.വി.യുടെ ലൈൻ വലിക്കുന്നതിന് ഈടാക്കുന്ന വാടക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ ആരൊക്കെ എത്ര വീതം കുടിശ്ശികയായി ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കാനുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly